# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3232

13.03.2017-ൽ മറുപടിക്ക്

### പദ്ധതികളുടെ നിർവ്വഹണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | ഡോ. കെ. ടി. ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) 2016-17 വാർഷിക പദ്ധതിയുടെ അവസാനവും, പതിമൂന്നാം പഞ്ചവൽസര പദ്ധതികളുടെ ആരംഭവും ഒരുമിച്ച് വരുന്ന ഈ ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക സഹായങ്ങളോ, പരിശീലനങ്ങളോ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | എ) പതിമൂന്നാം പഞ്ചവത്സര പദ്ധതി രൂപീകരണം സംബന്ധിച്ച് ജില്ലാതല ഉദ്യോഗസ്ഥർ, പെർഫോർമൻസ് ഓഡിറ്റ് വിഭാഗം എന്നിവർക്ക് പരിശീലനം നൽകിയിട്ടുണ്ട്.<br>വിവിധ ജില്ലകളിലുള്ളവർക്കായി 16.01.2017 മുതൽ 20.01.2017 വരെ തൃശ്ശൂർ കിലയിൽ വച്ചാണ് ട്രെയിനിംഗ് നൽകിയിട്ടുള്ളത്. |
| ബി) ത്രിതല പഞ്ചായത്ത് / മുനിസിപ്പാലിറ്റികളിൽ ആസൂത്രണ സമിതികൾ രൂപീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സമിതികളുടെ ഘടന, പ്രവർത്തന മേഖല. കാലാവധി തുടങ്ങിയ കാര്യങ്ങൾ വിശദമാക്കാമോ; | ബി) ഉണ്ട്.<br>പതിമൂന്നാം പഞ്ചവത്സര പദ്ധതിയും വാർഷിക പദ്ധതികളും തയ്യാറാക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ആസൂത്രണ സമിതികൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിക്കൊണ്ട് 09.01.2017 ൽ ജി.ഒ (എം.എസ്) 10/2017/തസ്വഭവ നമ്പരായി ഉത്തരവ് നൽകിയിട്ടുണ്ട്.<br>ആസൂത്രണ സമിതിയുടെ ഘടന താഴെപറയും പ്രകാരമാണ്.<br>അദ്ധ്യക്ഷൻ- തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്<br>ഉപാദ്ധ്യക്ഷൻ - ആസൂത്രണ പ്രക്രിയയിൽ തദ്ദേശ ഭരണ സ്ഥാപനത്തെ സഹായിക്കാൻ കഴിയുന്ന വിദഗ്ദ്ധൻ |

അംഗങ്ങൾ - സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷൻമാർ, സന്നദ്ധ സേവകരായ വിദഗ്ദ്ധർ.

കൺവീനർ - സെക്രട്ടറി

ഭരണ സമിതിയുടെ കാലാവധി വരെ മാത്രമാണ് ആസൂത്രണ സമിതിയുടെ കാലാവധി

മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ആസൂത്രണ സമിതികൾ രൂപീകരിക്കുവാൻ 09/01/2017 ലെ ജി.ഒ (എം.എസ്) നമ്പർ 11/2017/തസ്വഭവ പ്രകാരം നിർദ്ദേശിച്ചിരുന്നു. ആസൂത്രണ സമിതികളുടെ ഘടന ചുവടെ ചേർക്കുന്നു.

അദ്ധ്യക്ഷൻ - മുനിസിപ്പൽ ചെയർപേഴ്സൺ / കോർപ്പറേഷൻ മേയർ

ഉപാദ്ധ്യക്ഷൻ - ആസൂത്രണ പ്രക്രിയയിൽ നഗരസഭയെ സഹായിക്കാൻ കഴിയുന്ന വിദഗ്ദ്ധൻ.

അംഗങ്ങൾ - സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷൻമാർ/ സന്നദ്ധസേവകരായ വിദഗ്ദ്ധൻ

കൺവീനർ - സെക്രട്ടറി.

ആസൂത്രണ സമിതിക്ക് പ്രധാനമായും 15 ചുമതലകൾ നൽകിയിട്ടുണ്ട്. ആസൂത്രണ സമിതിയുടെ കാലാവധി കൗൺസിലിന്റെ കാലാവധി ആയിരിക്കുന്നതാണ്.

| | | | |
|---|---|---|---|
| സി) | ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ട്രാൻസ്ഫർ/പ്രമോഷൻ എന്നിവക്ക് നിയന്ത്രണങ്ങളുണ്ടോ: വിശദമാക്കാമോ? | സി) | പദ്ധതി നിർവ്വഹണത്തിൽ തടസ്സങ്ങൾ ഉണ്ടാകാതിരിക്കാൻ സാമ്പത്തിക വർഷം അവസാനിക്കുന്നത് വരെ ജീവനക്കാരുടെ സ്ഥലംമാറ്റത്തിൽ നിയന്ത്രണങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രൊമോഷനുകളെ ഇത് ബാധിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ